# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 4559 **21.03.2018-ൽ മറുപടിയ്ക്ക്**

ആയുർവേദ പരിപോഷണത്തിന് അന്തർദ്ദേശീയ ഗവേഷണ കേന്ദ്രം

| | ചോദ്യം<br>ശ്രീ. എം. നൗഷാദ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആയുർവേദ പരിപോഷണത്തിന് അന്തർദ്ദേശീയ ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ എന്ന പേരിൽ അന്തർദേശീയ ഗവേഷണകേന്ദ്രം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഗവേഷണ കേന്ദ്രം എവിടെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാട് വില്ലേജിലാണ് പ്രസ്തുത കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. അതിലേക്കുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ആയുർവേദത്തെ തെളിവധിഷ്ഠിതമായി ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും ഔഷധങ്ങളെ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കും വേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രം (IRIA) ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയുർവേദത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിലുള്ള ഗവേഷണം, രോഗപ്രതിരോധത്തിലൂന്നിയുള്ള ഗവേഷണം, ഔഷധ ഗവേഷണം, ആയുർവേദത്തിലൂന്നിയ നൂതന കണ്ടെത്തലുകൾ, ആരോഗ്യരംഗത്തെ ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട മേഖലകൾ എന്നിവയും IRIA യുടെ പരിധിയിൽ വരും. ആയുർവേദ ഔഷധങ്ങളുടെ ഫലസിദ്ധി, സുരക്ഷ, ഗുണനിലവാരം എന്നിവ ഉയർത്തുന്നതിനുള്ള ഗവേഷണങ്ങൾ IRIA യുടെ ലക്ഷ്യമാണ്. ബാല ചികിത്സ, നേത്ര ചികിത്സ, കളരി ചികിത്സ, വിഷ ചികിത്സ, തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ സവിശേഷവും പരമ്പരാഗതവുമായ ആയുർവേദ വിജ്ഞാനത്തെ പരിപോഷിപ്പിക്കുകയും ശാസ്ത്രീയമായി വിലയിരുത്തുകയും ചെയ്യുക എന്നതും IRIA യുടെ ലക്ഷ്യമാണ്. |

സെക്ഷൻ ഓഫീസർ